പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1187 | 12.06.2014- ലെ മറുപടിക്ക്

## ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണനിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. ഗീതാഗോപി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | രാസമാലിന്യങ്ങൾ അടങ്ങിയ പഴം, പച്ചക്കറി, തുടങ്ങിയവ വ്യാപകമായി വിൽപന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പരിശോധന കർശനമാക്കുകയും അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ വരുന്ന എല്ലാ ഭക്ഷ്യോൽപന്നങ്ങളും കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ നമ്മുടെ സംസ്ഥാനം ഭക്ഷ്യോൽപന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ മറ്റുള്ള സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുമായി ഇതു സംബന്ധിച്ച് നിരന്തര ആശയവിനിമയം നടത്തുന്നുണ്ട്. കൂടുതൽ ചർച്ചകൾക്കായി ഒരു സംഘം ഉദ്യോഗസ്ഥർ കർണ്ണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ നേരിട്ട് സന്ദർശിച്ച് നടപടികൾ ശ്കതമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തിനു പുറത്തു നിന്നു വരുന്ന ഇത്തരം ഭക്ഷ്യപദാർത്ഥങ്ങൾ ചെക്ക്പോസ്റ്റുകളിൽ തന്നെ പരിശോധനയ്ക്ക് വിധേയമാക്കി ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ബി) | നിലവിൽ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സ്ഥിരം സംവിധാനം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് പുതിയതായി മൂന്നു മൊബൈൽ അനലിറ്റിക്കൽ ലാബുകൾ ഉടൻ തന്നെപ്രവർത്തന സജ്ജമാക്കുവാൻവേണ്ട നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത ലാബുകൾ പ്രവർത്തന സജ്ജമാക്കുന്നതോടുകൂടി ഭക്ഷണപദാർത്ഥങ്ങൾ ചെക്ക്പോസ്റ്റുകളിൽ നിന്ന് തന്നെ ശേഖരിച്ച് പരിശോധിക്കുവാൻ വേണ്ട നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ താല്ക്കാലിക അടിസ്ഥാനത്തിൽ സംസ്ഥാനത്തേക്ക് വരുന്ന വെളിച്ചെണ്ണയുടെ സാമ്പിൾ മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ വച്ച് ശേഖരിച്ച് ആയതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ സംസ്ഥാനത്തിനുള്ളിലേക്ക് കടത്തിവിടുവാൻ അനുവാദം നൽകുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ